# Malayala Manorama
# 24 August 2014
# Thiruvananthapuram;Flood Relief



ISSN-0972-0022

## പ്രളയദുരിതം: ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പ

### സ്കൂളുകളും കോളജുകളും തുറക്കുന്നതോടെ ക്യാംപുകൾ ഓഡിറ്റോറിയങ്ങളിലേക്ക്

**മനോരമ ലേഖകൻ**

തിരുവനന്തപുരം • കാലവർഷക്കെടുതിക്ക് ഇരയായവർക്കു വീട് താമസയോഗ്യമാക്കാനും വീട്ടുപകരണങ്ങൾ വാങ്ങാനും ഒരു ലക്ഷം രൂപ വരെ പലിശരഹിത ബാങ്ക് വായ്പ ലഭ്യമാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കുടുംബനാഥയ്ക്കാകും തുക ലഭിക്കുക. പലിശ സർക്കാർ വഹിക്കുമെന്നും വിവിധ ജില്ലകളിലെ ദുരിതാശ്വാസ ക്യാംപുകൾ സന്ദർശിച്ച ശേഷം തലസ്ഥാനത്തു മടങ്ങിയെത്തിയ മുഖ്യമന്ത്രി അറിയിച്ചു.

സ്കൂളുകളിലും കോളജുകളിലുമുള്ള ദുരിതാശ്വാസ ക്യാംപുകൾ ഓണാവധി കഴിയുമ്പോൾ ഓഡിറ്റോറിയങ്ങളിലേക്കും കല്യാണമണ്ഡപങ്ങളിലേക്കും മാറ്റും. അവർക്കു വീട് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സമാന്തരമായി നടത്തും.

വീടുകൾ താമസയോഗ്യമാക്കുന്നതിനാണു മുൻഗണന. പൊലീസും ഫയർഫോഴ്സും കുടുംബശ്രീ പ്രവർത്തകരും മറ്റു സർക്കാർ സംവിധാനങ്ങളും സന്നദ്ധസംഘടനകളും ചേർന്നു വീടുകൾ വൃത്തിയാക്കുന്നുണ്ട്. പല സാധന സാമഗ്രികളും ഉപയോഗശൂന്യമായിട്ടുണ്ടാകും. ഈ പ്രശ്നം പരിഹരിക്കാൻ കർമപദ്ധതി ആവിഷ്കരിക്കും.

പതിവായി പ്രകൃതിക്ഷോഭമുണ്ടാകുന്ന പ്രദേശങ്ങൾ, നദീതീരങ്ങൾ, ഉരുൾപൊട്ടലും മലയിടിച്ചിലും കടൽക്ഷോഭവുമുണ്ടാകുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ആൾക്കാരെ സുരക്ഷിത കേന്ദ്രങ്ങളിലേക്കു മാറ്റിപാർപ്പിക്കും. ഇതിനു ഫ്ലാറ്റ് പോലെയുള്ള സംവിധാനങ്ങളും ആലോചിക്കും.

രക്ഷാപ്രവർത്തനം പൂർത്തിയായെന്നും ഇന്നലെ ആരെയും രക്ഷപ്പെടുത്തേണ്ട സാഹചര്യമില്ലായിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

തൃശൂരിൽ ചാലക്കുടി പനമ്പിള്ളി കോളജ്, എറണാകുളത്തു പറവൂർ സെന്റ് തോമസ് യാക്കോബായ പള്ളി പാരിഷ് ഹാൾ, പത്തനംതിട്ടയിൽ കോഴഞ്ചേരി തെക്കേമല എംജിഎം ഓഡിറ്റോറിയം, ആലപ്പുഴയിൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ്, ആലപ്പുഴ ലജ്നത്തുൽ സ്കൂൾ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാംപുകളാണു മുഖ്യമന്ത്രി സന്ദർശിച്ചത്.

**ആശ്വാസമേകാൻ:** പറവൂർ സെന്റ് തോമസ് പള്ളിയിലെ പ്രളയദുരിതാശ്വാസ ക്യാംപ് സന്ദർശിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ എത്തിയപ്പോൾ. റോയ് ഏബ്രഹാം കോറെപ്പിസ്കോപ്പ, മന്ത്രി ഇ. ചന്ദ്രശേഖരൻ, വി.ഡി. സതീശൻ എംഎൽഎ, സിപിഎം ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ, മന്ത്രി എ.സി. മൊയ്തീൻ എന്നിവർ സമീപം.

**ഉണങ്ങട്ടെ മുറിവുകൾ... ഉയരട്ടെ വാനിൽ...**

ചങ്ങനാശേരി ഇത്തിത്താനം ഹയർസെക്കൻഡറി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ., ഒരുക്കിയ ഊഞ്ഞാലിലാടുന്ന കുട്ടനാട് കിഴക്കേ ചേന്നങ്കരി സ്വദേശി വിജയമ്മ. തിരുവോ[illegible] വിപുലമായ ആഘോഷങ്ങളാണ് ക്യാംപിൽ ഒരുക്കിയിരിക്കുന്നത്.